# നമസ്കാരം ദീനിന്റെ നെടുംതൂൺ

[ Malayalam - മലയാളം - مليالم ]

﴾ الصـــــــــــلاة عمـــــود الدين ﴿

തയ്യാറാക്കിയത്:

മസ്ജിദ് അബ്ദുല്ലാഹ് ഇബ്ന മസ്ഊദ്, ദമ്മാം

വിവർത്തനം: അബ്ദുൽ ജബ്ബാർ മദീനി

കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
ദമ്മാം - സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالدمام

-المملكة العربية السعودية

Web edition by:

islamhouse.com

1431 - 2010

بسم الله الرحمن الرحيم

അല്ലാഹുവിന്റെ തിരുനാമത്തിൽ, സർവ്വ സ്തുതിയും അവനാകുന്നു. സ്വലാത്തും സലാമും നബി(ﷺ)യിലും കുടുംബത്തിലും ഹിദായത്ത് ലഭിച്ചവരിലും സദാ വർഷിക്കുമാറാകട്ടെ,

സഹോദരാ, താങ്കളെ അല്ലാഹു അനുഗ്രഹിക്കട്ടെ......

ഇസ്ലാം പഞ്ചസ്തംഭങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. അവ വിശദീകരിച്ചു കൊണ്ട് നബി(ﷺ) പറഞ്ഞു:

( بُنِيَ الإِسْلامُ على خمْسٍ ، شَهادةِ أَنْ لا إِلَـهَ إِلاَّ الله وَأَنَّ مُحَمَّداً رسولُ الله ، وَإِقامِ الصلاةِ ، وَإِيتاءِ الزكاةِ ، وَالْحَجِ ، وَصَوْمِ رَمضانَ )

''ഇസ്ലാം അഞ്ച് കാര്യങ്ങളിൽ സ്ഥാപിതമാണ്; രണ്ട് സാക്ഷ്യ വചനങ്ങൾ, നമസ്കാരം നേരാംവിധം നിലനിർത്തൽ, സകാത്ത് കൊടുക്കൽ, ഹജ്ജ് ചെയ്യൽ, റമദാനിലെ നോമ്പ് നോൽക്കൽ'' (ബുഖാരി-മുസ്ലിം)

നമസ്കാരം, സാക്ഷ്യ വചനങ്ങൾക്ക് ശേഷം ദീനിന്റെ പ്രധാന സ്തംഭമാണ്, അതിന്റെ നെടുംതൂണുമാണ്. നമസ്കാരം നമുക്ക് മതമാക്കി കൽപിച്ചുകൊണ്ട് അല്ലാഹു പറഞ്ഞു :

وَمَا أُمِرُوا إِلَّا لِيَعْبُدُوا اللَّهَ مُخْلِصِينَ لَهُ الدِّينَ حُنَفَاء وَيُقِيمُوا الصَّلَاةَ وَيُؤْتُوا الزَّكَاةَ وَذَلِكَ دِينُ الْقَيِّمَةِ

''കീഴ്വണക്കം അല്ലാഹുവിന് മാത്രം ആക്കികൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും നമസ്കാരം നിലനിർത്തുവാനും സകാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം.''
(വി. ഖു.98 :5)

നബി (ﷺ) പറഞ്ഞു :

( أوَّل ما يُحَاسبُ بِهِ الْعبدُ يومَ القيامةِ الصلاة ، فَإِنْ صَلُحَتْ صَلُحَ لَهُ سَائِرُ عَملِهِ ، وَإِن فَسَدتْ فَسدَ سَائِرُ عملِهِ )

''ഒരു അടിമ അന്ത്യനാളിൽ ആദ്യമായി വിചാരണ ചെയ്യപ്പെടുന്നത് നമസ്കാരത്തെക്കുറിച്ചായിരിക്കും നമസ്കാരത്തിന്റെ കാര്യം അവന്ന് ശരിയായാൽ മറ്റുള്ള കർമ്മങ്ങൾ എല്ലാം ശരിയായി. നമസ്കാരത്തിന്റെ കാര്യം കുഴപ്പത്തിലായാൽ മറ്റുള്ള കാര്യങ്ങളും കുഴപ്പത്തിലായി'' (സ്വഹീഹുൽജാമിഅ്)

സഹോദരാ, ഇസ്ലാമിൽ ഏതൊരു ആരാധനയും, അതിൽ രണ്ട് നിബന്ധനകൾ ഒത്താലല്ലാതെ സ്വീകരിക്കപ്പെടുകയില്ല.

1. ആരാധനകളെല്ലാം അല്ലാഹുവിന് മാത്രമായിരിക്കൽ
2. ആരാധനകളെല്ലാം റസൂൽ(ﷺ)യുടെ ചര്യക്കനുസരിച്ചായിരിക്കൽ.

ഒരു മുസ്ലിം അനിവാര്യമായി അറിഞ്ഞിരിക്കേണ്ട നമസ്കാരത്തിന്റെ കാര്യങ്ങൾ, ശർത്വുകൾ, റുക്നുകൾ, വാജിബുകൾ, സുനനുകൾ, മക്റൂഹുകൾ, നമസ്കാരം ബാത്വിലാകുന്ന കാര്യങ്ങൾ എന്നിവയാണ് ഇവിടെ ഉണർത്തുന്നത്. നബി(ﷺ) നമസ്കാരം നിർവ്വഹിച്ചത് പോലെ നമസ്കരിക്കുന്നതിന് വേണ്ടിയാണിത്. അതാണല്ലോ നബി (ﷺ) നമ്മോട് കൽപിച്ചതും.

( صَلُّوا كَمَا رَأَيْتُمُونِي أُصَلِّي )

'' ഞാൻ എങ്ങനെ നമസ്കരിക്കുന്നതായി നിങ്ങൾ കണ്ടുവോ അതുപോലെ നിങ്ങളും നമസ്കരിക്കുവീൻ. '' (ബുഖാരി)

## ഒന്ന്: നമസ്കാരത്തിന്റെ ശർത്വുകൾ

അവ രണ്ടായി വിഭജിച്ചിരിക്കുന്നു:

1. **നമസ്കാരം സ്വീകാര്യമാകാനുള്ള ശർത്വുകൾ:** അവ മൂന്നെണ്ണമാകുന്നു.
   1). ഇസ്ലാം 2). ബുദ്ധി 3). വകതിരിവ്.

2. **നമസ്കാരം ശരിയാകാനുള്ള ശർത്വുകൾ**: അവ ആറാകുന്നു.
   1) സമയമാവുക.
   2) വലുതും ചെറുതുമായ അശുദ്ധികളിൽ നിന്ന് ശുദ്ധിയാകുക.

3) നമസ്കാരസ്ഥലം, നമസ്കരിക്കുന്നവന്റെ വസ്ത്രം, ശരീരം എന്നിവ നജസിൽ നിന്ന് ശുദ്ധിയായിരിക്കുക.
4) ഔറത്ത് മറക്കുക.
5) ഖിബ്ലക്ക് മുന്നിടുക.
6) നിയ്യത്ത് (ഉച്ചരിക്കാതെ) മനസ്സിൽ കരുതുക.

മേൽ പറഞ്ഞ ശർത്വുകളിലേതെങ്കിലും ഒന്നിന് ഭംഗം വന്നാൽ നമസ്കാരം ശരിയാവുകയില്ല.

## രണ്ട്: നമസ്കാരത്തിന്റെ റുക്നുകൾ

അവ പതിനാലാകുന്നു.

1. കഴിവുള്ളവൻ ഫർള് നമസ്കാരത്തിൽ നിൽക്കൽ.
2. തക്ബീറത്തുൽ ഇഹ്റാം ചൊല്ലൽ.
3. എല്ലാ റക്അതിലും ഫാത്തിഹ ഓതൽ (ഇമാമും മഅ്മൂമും)
4. റുകൂഅ് ചെയ്യൽ.
5. റുകൂഇൽ നിന്ന് ഉയർന്ന് നിൽക്കൽ.
6. എഴ് അവയവങ്ങളിൽ സുജൂദ് ചെയ്യൽ.
7. സുജൂദിൽ നിന്ന് തല ഉയർത്തൽ.
8. രണ്ട് സുജൂദിന്റെ ഇടയിൽ ഇരിക്കൽ.
9. എല്ലാ റുക്നുകളിലും സ്വീകരിക്കേണ്ട അടക്കവും ഒതുക്കവും
10. അവസാനത്തെ തശഹ്ഹുദ്
11. അവസാനത്തെ തശഹ്ഹുദിന് വേണ്ടി ഇരിക്കൽ.
12. അവസാനത്തെ തശഹ്ഹുദിൽ നബി(ﷺ)യുടെ പേരിൽ സ്വലാത്ത് ചൊല്ലൽ.
13. റുക്നുകൾ ക്രമപ്രകാരം ചെയ്യൽ.
14. രണ്ട് സലാം വീട്ടൽ.

നമസ്കരിക്കുന്നവൻ മനപ്പൂർവ്വം മേൽപറഞ്ഞ റുക്നുകളിലൊന്ന് ഒഴിവാക്കിയാൽ അവന്റെ നമസ്കാരം ബാത്വിലായി. മറന്നുകൊണ്ടാണ് ഉപേക്ഷിക്കുന്നതെങ്കിൽ മറ്റൊരു റുക്നിലേക്ക് പ്രവേശിക്കുന്നതിന് മുമ്പായി മറന്ന റുക്ന് നിർവ്വഹിക്കണം. ഇനി മറ്റൊരു റുക്നിൽ തുടരുകയോ ശേഷം മറ്റൊരു റക്അത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് ഓർമ്മ വരുകയോ ചെയ്താൽ ആ മറന്ന റുക്ന് മടക്കി കൊണ്ട് വരിക. മറ്റൊരു റക്അത്തിലേക്ക് പ്രവേശിച്ചാൽ റുക്ന് മറന്ന റക്അത്ത് ബാത്വിലായി. ശേഷമുള്ള റക്അത്ത് ബാത്വിലായ റക്അത്തിന് പകരമായി ഗണിക്കുക. സലാം വീട്ടിയതിന് ശേഷം സഹ്വിന്റെ സുജൂദ് ചെയ്യുക.

## മൂന്ന്: നമസ്കാരത്തിന്റെ വാജിബുകൾ

അവ എട്ടണ്ണമാകുന്നു.

1. തക്ബീറുകൾ. ( തക്ബീറത്തുൽ ഇഹ്റാം ഒഴികെ )
2. ''സമിഅല്ലാഹു ലിമൻഹമിദ'' എന്ന് ഒറ്റക്ക് നമസ്കരിക്കുന്ന വനും ഇമാമും പറയുക.
3. ''റബ്ബനാ വ ലകൽ ഹംദ്'' എന്ന് പറയുക.
4. റുകൂഇൽ ''സുബ്ഹാന റബ്ബിയൽ അദീം'' എന്ന് പറയുക.
5. സുജൂദിൽ '' സുബ്ഹാന റബ്ബിയൽ അഅ്ലാ'' എന്ന് പറയുക.
6. സുജൂദിന്റെ ഇടയിലെ ഇരുത്തത്തിൽ ''റബ്ബിഗ്ഫിർലീ'' എന്ന് പറയുക.
7. ഒന്നാമത്തെ തശഹ്ഹുദ്.
8. ഒന്നാമത്തെ തശഹ്ഹുദിന് വേണ്ടി ഇരിക്കൽ.

നമസ്കാരത്തിന്റെ വാജിബുകളിൽ ഏതെങ്കിലും മനഃപ്പൂർവ്വം ഉപേക്ഷിച്ചാൽ നമസ്കാരം ബാത്വിലാകും. മറന്നുകൊണ്ടാണെ ങ്കിൽ ആ വാജിബ് നിർവ്വഹിക്കേണ്ട സ്ഥലം വിട്ടുപോകുന്നതിന് മുമ്പ് അതിലേക്ക് മടങ്ങിചെന്ന് അത് നിർവ്വഹിക്കുക. സ്ഥലം വിട്ടുപോയാൽ അതിലേക്ക് മടങ്ങേണ്ടതില്ല. മറിച്ച് സലാം വീട്ടു ന്നതിനു മുമ്പായി സഹ്വിന്റെ സുജൂദ് ചെയ്താൽ മതിയാകും.

## നാല്: നമസ്കാരത്തിന്റെ സുന്നത്തുകൾ

അവ രണ്ട് വിഭാഗമായി തിരിച്ചിരിക്കുന്നു.

**1. ഖൗലിയ്യായ (ചൊല്ലിപറയേണ്ട) സുന്നത്തുകൾ:**

1. പ്രാരംഭ പ്രാർത്ഥന
2. അഊദു ചൊല്ലൽ
3. ബിസ്മി ചൊല്ലൽ
4. ഫാത്തിഹയുടെ അവസാനത്തിൽ ആമീൻ ചൊല്ലൽ.
5. ഫാത്തിഹക്ക് ശേഷം സൂറത്ത് ഓതൽ.
6. ഉറക്കെ ചൊല്ലേണ്ട നമസ്കാരത്തിൽ ഉറക്കെയും പതുക്കെ ചൊല്ലേണ്ട നമസ്കാരത്തിൽ പതുക്കെയും ചൊല്ലൽ.
7. സുജൂദിലും റുകൂഇലും ഒന്നിലധികം തവണ തസ്ബീഹ് ചൊല്ലൽ.
8. ''സമിഅല്ലാഹു ലിമൻ ഹമിദ'' എന്ന് പറഞ്ഞതിന് ശേഷം തഹ്മീദിന്റെ ലഫ്ളുകൾ മുഴുവനായി ചൊല്ലൽ.

9. സുജൂദിന്റെ ഇടയിലെ ഇരുത്തത്തിൽ ഒന്നിലധികം തവണ ഇസ്തിഗ്ഫാറിന് വേണ്ടി പ്രാർത്ഥിക്കൽ.

**2. പ്രാവർത്തികമാക്കേണ്ട (ഫിഅ്ലിയ്യായ) സുന്നത്തുകൾ:**

1. തക്ബീറത്തുൽ ഇഹ്റാമിന്റെ അവസരത്തിൽ രണ്ട് കൈകൾ ഉയർത്തൽ.
2. റുകൂഇലേക്ക് പോകുമ്പോഴും അതിൽ നിന്ന് ഉയരുമ്പോഴും രണ്ട് കൈകളും ഉയർത്തൽ.
3. വലതു കൈ ഇടത് കയ്യിന്മേലായി നെഞ്ചിൽ വെക്കൽ.
4. സുജൂദിന്റെ സ്ഥാനത്തേക്ക് നോക്കൽ.
5. റുകൂഇൽ രണ്ട് ഉള്ളൻകൈകൾ വിരലുകൾ വിടർത്തി മുട്ടു കാലിൽ പിടിക്കൽ.
6. റുകൂഇൽ മുതുക് നിവർത്തിപ്പിടിക്കൽ.
7. സുജൂദിൽ രണ്ട് കൈകൾക്ക് മുമ്പ് രണ്ട് കാൽ മുട്ടുകളെ വെക്കൽ.
8. സൂജൂദിൽ പൂർണമായും കമിഴ്ന്ന് കിടക്കൽ.
9. സുജൂദിൽ ഏഴ് അവയവങ്ങൾ നിലത്ത് പതിച്ച് വെക്കൽ.
10. സുജൂദിൽ കൈകൾ പാർശ്വങ്ങളിൽ നിന്ന് അകറ്റി വെക്കൽ.
11. സുജൂദിൽ കൈകാൽ വിരലുകൾ ഖിബ്ലക്ക് നേരെ വെക്കൽ.
12. ഒന്നാമത്തെ തശഹ്ഹുദിൽ ഇഫ്തിറാശിന്റെ ഇരുത്തം ഇരിക്കൽ.
13. അവസാനത്തെ തശഹ്ഹുദിൽ തവർറുകിന്റെ ഇരുത്തം ഇരിക്കൽ.
14. രണ്ട് തശഹ്ഹുദിലും വിരൽ ചൂണ്ടൽ.
15. എഴുന്നേൽക്കുന്നതിന് മുമ്പ് ഇസ്തിറാഹത്തിന്റെ ഇരുത്ത മിരിക്കൽ.
16. സലാം വീട്ടുമ്പോൾ വലതും ഇടതും ഭാഗത്തേക്ക് തിരിഞ്ഞ് നോക്കൽ.
17. നമസ്കരിക്കുന്നതിന് മുന്നിൽ ഒരു മറ സ്വീകരിക്കൽ.

സുന്നത്തിൽ നിന്ന് ഏതെങ്കിലുമൊന്ന് മറന്നോ മനപ്പൂർവ്വമോ ഒഴിവാക്കിയാൽ നമസ്കാരം ബാത്വിലാകില്ല. പക്ഷേ പ്രതിഫല ത്തിന്റെ പൂർണ്ണത നഷ്ടമാകും.

## അഞ്ച്: നമസ്കാരം ബാത്വിലാക്കുന്ന കാര്യങ്ങൾ

1. നമസ്കാരത്തിൽ നിന്ന് പുറത്ത് പോകാൻ നിയ്യത്തിനെ ദുർബലപ്പെടുത്തൽ.
2. നമസ്കാരത്തിൽ നിയ്യത്ത് ദുർബലപ്പെടുത്തി, വീണ്ടും നിയ്യത്ത് ചെയ്തു കൊണ്ടിരിക്കൽ.
3. നമസ്കാരം പൂർത്തിയാകുന്നതിനുമുമ്പ് മനപ്പൂർവ്വം സലാം വീട്ടൽ.
4. നമസ്കാരത്തിൽ പെടാത്തകാര്യങ്ങൾ സംസാരിക്കൽ.
5. നമസ്കാരത്തിൽ ചിരിക്കൽ.
6. നമസ്കാരത്തിൽ തിന്നുകയോ കുടിക്കുകയോ ചെയ്യൽ.
7. നമസ്കാരത്തിൽ പെടാത്ത അനാവശ്യമായ അനക്കങ്ങൾ അനങ്ങൽ.
8. നമസ്കാരത്തിൽപെട്ട ഏതെങ്കിലും ഒരു കർമ്മം അറിഞ്ഞു കൊണ്ട് അധികരിപ്പിക്കൽ.
9. അറിഞ്ഞുകൊണ്ട് നമസ്കാരത്തിന്റെ ഒരു റുക്നോ വാജിബോ ഉപേക്ഷിക്കൽ.
10. നമസ്കാരത്തിലെ ഒരു കർമ്മം ഏറെ ചെയ്തതോ കുറച്ചതോ ഉണർത്തിയിട്ടും ബോധപൂർവ്വം അത് മടക്കി ചെയ്യാതിരിക്കൽ

ബാത്വിലായ കാര്യങ്ങളിൽ ഏതെങ്കിലും ഒരാൾ ചെയ്താൽ അയാളുടെ നമസ്കാരം ബാത്വിലാകും.

## ആറ്: നമസ്കാരത്തിൽ വെറുക്കപ്പെട്ട കാര്യങ്ങൾ

1. ഫാത്തിഹ മാത്രം ഓതുക.
2. ഒരേ റക്അത്തിൽ രണ്ടോ അതിലധികമോ തവണ ഫാത്തിഹ ഓതുക.
3. അനാവശ്യമായി വലത്തോട്ടും ഇടത്തോട്ടും തിരിഞ്ഞ് നോക്കുക.
4. അനാവശ്യമായി കണ്ണ് ചിമ്മുക.
5. ആകാശത്തേക്ക് (മുകളിലേക്ക്) കണ്ണുയർത്തി നോക്കുക.
6. നമസ്കാരത്തിൽ ശ്രദ്ധതെറ്റിക്കുന്ന സംഗതികളുടെ മുന്നിൽ നിന്ന് നമസ്കരിക്കുക.
7. സുജൂദിൽ ചമ്രം പടിയുകയും മുഴം കൈ നിലത്ത് പരത്തി വെക്കുകയും ചെയ്യുക.
8. നമസ്കാരത്തിൽ അധികരച്ച ചലനങ്ങളുണ്ടാക്കുക.
9. നമസ്കാരത്തിൽ ഊരക്ക് കൈകൊടുക്കുക.

10. നമസ്കാരത്തിൽ വിശറികൊണ്ടോ മറ്റോ കാറ്റു വീശുക.
11. നമസ്കാരത്തിൽ കൈവിരലുകൾ കോർക്കുക, പൊട്ടിക്കുക.
12. താൻ കൊതിക്കുന്ന ഭക്ഷണം തയ്യാറായിരിക്കെ നമസ്കരിക്കുക.
13. മലമൂത്ര വിസർജ്ജനം അത്യാവശ്യമായിരിക്കെ നമസ്കരിക്കുക.
14. ഉറക്കം തൂങ്ങുന്ന വേളയിൽ നമസ്കരിക്കുക.
15. പള്ളിയിൽ ഇമാമിനെ പോലെ നമസ്കരിക്കാൻ പ്രത്യേകമായൊരിടം ഉണ്ടാക്കുക.
16. നമസ്കാരത്തിനിടയിൽ വായ പൊത്തുക.
17. ഒരു വസ്ത്രം കൊണ്ട് ശരീരം മൂടിപൊതിഞ്ഞ് നമസ്കരിക്കുക.
18. നമസ്കാരത്തിൽ മുടിയോ വസ്ത്രമോ ചുരുട്ടുക.
19. മുടി പിരിച്ചു കൊണ്ട് നമസ്കരിക്കുക.
20. നമസ്കാരത്തിനിടയിൽ അനാവശ്യമായി കൈയ്യൂന്നി ഇരിക്കുക.
21. നെറ്റി കൂടുതൽ നിലത്തുരുമ്മുക.
22. അനാവശ്യമായി ചരിയുക.
23. നമസ്കാരത്തിൽ കോട്ടുവായിടുക.
24. സ്വഫ്ഫിൽ വിടവുണ്ടായിട്ടും പുറകിൽ നമസ്കരിക്കുക.
25. സുജൂദിൽ മൂക്ക് വെക്കാതെ നെറ്റി മാത്രം വെക്കുക.
26. കണ്ണുകൊണ്ട് ആംഗ്യം കാണിക്കുക.
27. ചിത്രങ്ങളുള്ള സ്ഥലത്ത് നമസ്കരിക്കുക.

മേൽ പറഞ്ഞ മക്റൂഹുകളിൽ നിന്നാരെങ്കിലും പ്രവർത്തിച്ചാൽ നമസ്കാരം ബാത്വിലാകില്ല. പക്ഷേ ഒഴിവാക്കലാണ് കൂടുതൽ പ്രതിഫലാർഹം.

## ഏഴ്: നമസ്കരിക്കുന്നവന് അനുവദനീയമായ കാര്യങ്ങൾ; മുസ്തഹബ്ബായവയും.

1. അത്യാവശ്യഘട്ടങ്ങളിൽ വസ്ത്രം അഴിക്കുകയോ ഉടുക്കുകയോ ചെയ്യൽ.
2. ആവശ്യമെങ്കിൽ ശിരോവസ്ത്രം ശരിയാക്കൽ.
3. പാമ്പ്, തേള് എന്നിവയെ കൊല്ലൽ.
4. സൂറത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തുനിന്ന് ഓതൽ.
5. നമസ്കാരത്തിലെ പിഴവ് ഉണർത്താൻ പുരുഷന്മാർ തസ്ബീഹ് ചൊല്ലൽ, സ്ത്രീകൾ കൈകൊട്ടൽ.

6. നമസ്കരിക്കുന്ന സ്ഥലം മലിനമാകുന്നില്ലെങ്കിൽ ഇടത് ഭാഗത്തേക്കോ കാലിൻ ചുവട്ടിലേക്കോ തുപ്പൽ.
7. നമസ്കരിക്കുന്ന അവസരത്തിൽ സലാം പറയപ്പെട്ടാൽ മടക്കാൻ മറ്റാരുമില്ലെങ്കിൽ ആംഗ്യത്തിലൂടെ സലാം മടക്കൽ.
8. ശുദ്ധമായ ചെരിപ്പ് ധരിച്ച് നമസ്കരിക്കൽ.
9. നമസ്കാരത്തിൽ താക്കീതിന്റെ ആയത്തുകൾ ഓതുമ്പോൾ അല്ലാഹുവിനോട് കാവലിനെ തേടലും, കാരുണ്യത്തിന്റെ വചനങ്ങളോതുമ്പോൾ അല്ലാഹുവിനോട് കാരുണ്യം തേടലും പ്രതിഫലാർഹമാണ്.
10. നമസ്കരിക്കുന്നവൻ തുമ്മിയാൽ ‘‘അൽഹംദു ലില്ലാഹ്’’എന്ന് പറയൽ പ്രതിഫലാർഹമാണ്.
11. നമസ്കരിക്കുന്നവൻ ഒരുമറ സ്വീകരിക്കാൻ അതിലേക്കടുക്കൽ പ്രതിഫലാർഹമാണ്.
12. പിശാചിൽ നിന്ന് രക്ഷയെ തേടൽ പ്രതിഫലാർഹമാണ്.
13. നമസ്കരിക്കുന്നതിന് മുന്നിൽ ഒരു മറ സ്വികരിക്കൽ പ്രതിഫലാർഹമാണ്.
14. ഫാത്തിഹക്ക് ശേഷം ഒന്നിലധികം സൂറത്തുകൾ പാരായണം ചെയ്യൽ പ്രതിഫലാർഹമാണ്.
15. ഓതുമ്പോൾ ഇമാമിന് തെറ്റിയാൽ തെറ്റുതിരുത്തൽ പ്രതിഫലാർഹമാണ്.

**അനുവദനീയവും പ്രതിഫലാർഹവുമായ ഈ കാര്യങ്ങൾ നമസ്കരിക്കുന്നവൻ ഉപേക്ഷിക്കുകിൽ അവൻ കുറ്റക്കാരനാവുകയില്ല.**

സഹോദരാ, ഇസ്ലാമിൽ ഏറ്റവും പ്രധാനപ്പെട്ട ആരാധന കർമ്മമായ നമസ്കാരത്തെ കുറിച്ച് അറിയേണ്ടത് ഉണർത്തുകയാണിവിടെ ചെയ്തത്. അല്ലാഹു നമ്മളിൽ നിന്ന് സ്വീകരിക്കുമാറാകട്ടെ.

***അവലംബകൃതികൾ:***
***അശ്ശറഹുൽ മുംതിഅ്, ഇബ്നു ഉഥൈമീൻ***
***അൽ മുലഖ്ഖസുൽ ഫിഖ്ഹി, സ്വാലിഹുൽ ഫൗസാൻ***
***മനാറുസ്സബീൽ, ഇബ്റാഹീം അദ്ദുവയ്യാൻ***
***കിതാബുസ്സ്വലാത്, ഡോ. അബ്ദുല്ലാ ത്വയ്യാർ***

وصلّى الله على نبينا محمّد وآله وصحبه وسلّم

************